പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## പ്രാകൃതമുറകൾ ലോക്കപ്പുകളിൽ ഉപയോഗിക്കുന്ന സാഹചര്യം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3771. 11/11/2019-ൽ മറുപടിക്ക്

| ചോദ്യം<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | മനുഷ്യത്വവും കാര്യക്ഷമതയും ആകണം പോലീസിന്റെ മുഖമുദ്ര എന്ന് സർക്കാർ കരുതുന്നുണ്ടോ; അപ്രകാരമല്ലാത്ത പ്രവൃത്തികൾ പോലീസ് സേനയുടെ ഭാഗത്തുനിന്നും നിരന്തരം ഉണ്ടാകുന്നുവെന്ന ആക്ഷേപം വസ്തുതയാണോ; | (എ) | മനുഷ്യത്വവും, കാര്യക്ഷമതയുമാകണം പോലീസിന്റെ മുഖമുദ്ര എന്നതാണ് സർക്കാർ നയം. ഇതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി മാറ്റിയിട്ടുണ്ട്. ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, പിങ്ക് പട്രോൾ, സ്ത്രീ സുരക്ഷാ പദ്ധതികൾ, മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും, സുരക്ഷയ്ക്കുമായുള്ള പദ്ധതികൾ, തുടങ്ങിയവയിലൂടെയും മറ്റും ജന സൗഹൃദപരമായ പ്രവർത്തനങ്ങളാണ് പോലീസ് നടത്തി വരുന്നത്. സേനയിലെ ചുരുക്കം ചില ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഇതിന് വ്യത്യസ്തമായി ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അത്തരം ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ വകുപ്പുതല നടപടികളും, നിയമ നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ലോക്കപ്പ് മർദ്ദനവും, മൂന്നാം മുറയും ന്യായീകരിക്കാനാവില്ലെന്ന് പ്രഖ്യാപിക്കുമ്പോഴും, പോലീസ് സേനയിലെ ഒരു വിഭാഗം കാലത്തിന് നിരക്കാത്ത പ്രാകൃത മുറകൾ ലോക്കപ്പുകളിൽ ഉപയോഗിക്കുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ തിരുത്തൽ നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കസ്റ്റഡിയിൽ എടുക്കുന്നവർക്കെതിരെ മൂന്നാംമുറ പാടില്ലായെന്നും, കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചു മാത്രം പ്രതികളെ അറസ്റ്റ് ചെയ്യാവൂ എന്നും, അറസ്റ്റു ചെയ്യപ്പെടുമ്പോൾ ബഹു. സുപ്രീം കോടതിയുടെ എല്ലാ ഉത്തരവുകളും, കർശനയായി പാലിക്കണമെന്നും, കസ്റ്റഡിയിലെടുക്കുന്നവരെ 24 മണിക്കൂറിനുള്ളിൽ കോടതിയിൽ ഹാജരാക്കണമെന്നും, കൃത്യമായ മെഡിക്കൽ പരിശോധനയ്ക്ക് ശേഷം മാത്രമേ കസ്റ്റഡിയിൽ സൂക്ഷിയ്ക്കാൻ പാടുള്ളൂ എന്നും സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടി വരുന്നവരോട് മാന്യമായ പെരുമാറ്റം മാത്രമേ പാടുള്ളൂ എന്ന നിർദ്ദേശവും, അതിനായുള്ള അവബോധവും എല്ലാ പോലീസുദ്യോഗസ്ഥർക്കും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ